# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.846** **30.11.2018-ൽ മറുപടിയ്ക്ക്**

### പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.എൻ.ഷംസുദ്ദീൻ** | | **ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (എ) | പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ സംബന്ധിച്ച് വകുപ്പ് മുഖേന പ്രത്യേക പഠനം നടത്തിയിട്ടില്ല.<br>പട്ടികവർഗ വിഭാഗങ്ങളുടെ സോഷ്യോ എക്കണോമിക് സർവെ 2013-ൽ നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>പട്ടികവർഗ വികസന വകുപ്പിലെ 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പട്ടികവർഗ സാക്ഷരത 74.44% ആണ്.<br>വിദ്യാഭ്യാസം നേടിയ 2,72,034 പട്ടികവർഗക്കാരിൽ 1,27,344 (96.81%) പേർക്ക് പ്രൈമറി വിദ്യാഭ്യാസവും, 92,349 (33.95%) പേർ 10-ാം ക്ലാസിന് താഴെയും, 30,342 (11.15%) പേർ 10-ാം ക്ലാസ് പാസായവരും, 16,374 (6.02%) പേർ +2 പാസായവരും, 4,475 (1.64%) പേർ ബിരുദധാരികളും, 822 (0.30%) പേർ ബിരുദാനന്തര ബിരുദധാരികളും, 328 (0.12%) പേർ മറ്റ് വിഭാഗങ്ങളിലും യോഗ്യത നേടിയവരുമാണ്. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ബി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>1. പ്രീ-മെട്രിക് സ്കോളർഷിപ്പ്<br>2. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്<br>3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്<br>4. 9,10 ക്ലാസ്സുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ്<br>5. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്.<br>6. സ്റ്റെതസ്കോപ്പ് ധനസഹായം<br>7. ലാപ്ടോപ് ധനസഹായം<br>8. പ്രാരംഭ ചെലവ്<br>9. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം.<br>10. അയ്യൻകാളി ടാലന്റ് സെർച്ച് സ്കീം. |

11. വിഷൻ 2013 മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി
12. പ്രത്യേക പ്രോത്സാഹന സമ്മാനം.
13. ഇതര സംസ്ഥാനത്തും/വിദേശത്തും പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം
14. പാരലൽ കോളേജ് ധനസഹായം.
15. ബുക്ക് ബാങ്ക് സ്കീം.
16. എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുള്ള റമഡിയൽ കോച്ചിംഗ് പദ്ധതി
17. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ
18. പാലക്കാട് മെഡിക്കൽ കോളേജ്
19. പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ.
20. ക്രെസ്റ്റ്
21. ഐ.റ്റി.ഐ.കൾ, മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്, കമ്മ്യൂണിറ്റി കോളേജ്
22. സംഗീത, നൃത്ത വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുവാൻ ധനസഹായം നൽകുന്ന പദ്ധതി
23. പഠനമുറി
24. പഠനയാത്ര
25. സിവിൽ സർവ്വീസ് പരിശീലനം
26. പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ.

**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നു. പെരിപ്പെതെറ്റിക്, ഏകാദ്ധ്യാപക വിദ്യാലയ ങ്ങളിലെ കുട്ടികൾക്കും സർക്കാർ സ്കൂളുകളിലെ പ്രീമെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പൻറ് എന്നിവ നൽകി വരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാൻറും നൽകുന്നു.

പത്താം ക്ലാസിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് **"പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് സ്കീം"** എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തു വരുന്നു.

കൂടാതെ മെഡിക്കൽ എഞ്ചിനിയിറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ ധനസഹായം നൽകുന്നു.

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് സ്കോളർഷിപ്പ് നൽകുന്നു.

| | | | |
|---|---|---|---|
| | | | പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി വികാസ് വാടികൾ, കിൻറർ ഗാർട്ടൻ, ബാലവാടികൾ, നഴ്സറി സ്കൂളുകൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. വിദൂര കോളനികളിലെ കുട്ടികൾക്ക് 1 മുതൽ 4-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസത്തിനായി പെരിപ്പെതെറ്റിക് സെൻററുകളും, ഏകാദ്ധ്യാപക വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. വകുപ്പിനു കീഴിൽ 2 ഐ.റ്റി.ഐ. കളും ഒരു ഉത്പാദന പരിശീലന കേന്ദ്രവും, സാങ്കേതിക തൊഴിലുകൾ പരിശീലനം നൽകുന്നതിന് 10 മാതൃകാ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.<br>വകുപ്പിനു കീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.<br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ , പരിശീലനം നൽകി വരുന്നു.<br>പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി സാമൂഹ്യ പഠനമുറി പദ്ധതി ഈ സാമ്പത്തികവർഷം മുതൽ വകുപ്പ് നടപ്പിലാക്കുന്നു.<br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽ തന്നെയുള്ള റ്റി.റ്റി.സി, ബി.എഡ്. പാസ്സായ യുവതി യുവാക്കളെ മെൻറർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി ആദ്യ ഘട്ടമായി വയനാട് ജില്ലയിൽ നടപ്പിലാക്കി.<br>വിദൂരവും വനപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന 'ഗോത്രസാരഥി പദ്ധതി'യും വകുപ്പ് നടപ്പിലാക്കി വരുന്നു.<br>അട്ടപ്പാടിയിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2016-17 വർഷം മുതൽ സൈനിക സ്കൂൾ, നവോദയ വിദ്യാലയം, എം.ആർ.എസ്സുകൾ, കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ പ്രവേശനത്തിനായി പരീക്ഷാ പരിശീലനം 'CARSEL' എന്ന സ്ഥാപനം മുഖേന നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**